കേരള മാർഗ്ഗദർശക മണ്ഡലിന്റെ നേതൃത്വത്തിൽ നടക്കുന്ന 'ധർമ്മ സന്ദേശ യാത്ര'യെക്കുറിച്ചും അതിന് പാലക്കാട് ജില്ലയിൽ സ്വീകരണം ഒരുക്കുന്നതിനുള്ള 'സ്വാഗതസംഘ രൂപീകരണത്തിന്റെയും' വാർത്ത പ്രസിദ്ധീകരിക്കുവാനായി കേരള മാർഗ്ഗദർശക മണ്ഡലിനു വേണ്ടി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സ്വാമി കൃഷ്ണാത്മാനന്ദ സരസ്വതി പുറത്തിറക്കുന്ന വാർത്താകുറിപ്പ്. പത്ര സമ്മേളനത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവർ - സ്വാമി പൂർണ്ണാനന്ദ തീർത്ഥപാദർ, സ്വാമി ദേവാനന്ദപുരി.

ഹൈന്ദവ സമൂഹത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണം സംബന്ധിച്ച് അവബോധം പകരുന്നതിനും, സമാജത്തിന്റെ ധാർമികമായും സാമ്പത്തികമായുമുള്ള അടിത്തറ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗദർശന സന്ദേശപ്രചരണത്തിനുമായി സന്ന്യാസിമാർ നയിക്കുന്ന ധർമ്മ സന്ദേശ യാത്ര, 2025 ഒക്ടോബർ 7 മുതൽ 21 വരെ തീയതികളിൽ, കാസർകോട് നിന്നും ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിക്കുകയാണ്.
ഈ യാത്രയ്ക്ക് പാലക്കാട് ജില്ലയിൽ സ്വീകരണമേർപ്പെടുത്തുന്നതിനുള്ള ഒരുക്കങ്ങൾക്കായി കൊണ്ടുള്ള സ്വാഗത സംഘത്തിന്റെ രൂപീകരണം, 2025 ജൂൺ 27 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക്, പാലക്കാട് ചന്ദ്രനഗറിലുള്ള ശ്രീ പാർവതി മണ്ഡപത്തിൽ വെച്ച് നടക്കുന്നു. ഈ യാത്രയുടെ സംഘാടനത്തിനായി ജഗദ്ഗുരു മാതാ അമൃതാനന്ദമയീ ദേവി മുഖ്യരക്ഷാധികാരിയായും, പ്രശസ്ത സാഹിത്യകാരൻ ശ്രീ. സി. രാധാകൃഷ്ണൻ ചെയർമാനായും കൊണ്ടുള്ള, 1008 അംഗങ്ങളുൾക്കൊള്ളുന്ന സംസ്ഥാനതലസമിതിയുടെ രൂപീകരണം 2025 ജൂൺ 11 നു തിരുവനന്തപുരത്ത് വെച്ച് നടന്നിരുന്നു.

കേരളത്തിലെ ഹൈന്ദവ സന്ന്യാസിമാർ നയിക്കുന്ന ധർമ്മ സന്ദേശയാത്ര അടിസ്ഥാനമായും ലക്ഷ്യമിടുന്നത് ഇപ്പോൾ കേരളീയ ഹൈന്ദവ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ധർമ്മ ശോഷണത്തിനുള്ള പരിഹാരമായി, സമാജത്തിനകത്തു നിലനിൽക്കുന്ന എല്ലാവിധ വൈജാത്യങ്ങളെയും അവസാനിപ്പിച്ചു കൊണ്ടുള്ള ഏകതയുടെ സന്ദേശത്തിന്റെ പ്രചരണമാണ്. പ്രായഭേദമന്യേ എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ടുള്ള ഉദ്യമമായാണ് ഈ യാത്ര വിഭാവനം ചെയ്തിട്ടുള്ളത്. വൃദ്ധർ നേരിടുന്ന നിരാലംബതയ്ക്കും, ലക്ഷ്യബോധം നഷ്ടപ്പെടുന്ന യുവജനങ്ങൾക്കിടയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ലഹരി മരുന്നുകളുടെ സ്വാധീനത്തിനും, സ്ത്രീകൾക്കിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ധർമ്മഗ്ലാനിക്കുമെല്ലാം പരിഹാരം കൽപ്പിച്ചുകൊണ്ട് സമൂഹത്തിനാകെ പ്രതീക്ഷ പകരുന്ന ഒന്നായി ഈ യാത്ര പരിണമിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

യാത്രയ്ക്ക് നേതൃത്വം നൽകുന്നത്, വിവിധങ്ങളായ ആശ്രമങ്ങളിൽ നിന്നുള്ള സന്ന്യാസിമാരാണ്. ഹൈന്ദവ സമൂഹത്തിനാകമാനം പൊതു സ്വീകാര്യരായ സന്ന്യാസിശ്രേഷ്ഠന്മാരാൽ നയിക്കപ്പെടുന്നത് കൊണ്ട് തന്നെ, ഏതെങ്കിലും സാമുദായിക സംഘടനകൾ നടത്തുന്ന യാത്രകളിൽ നിന്നും വ്യത്യസ്തമായി, ഹൈന്ദവ സമൂഹത്തിലെ ഏവരെയും ഒരുപോലെ ഉൾക്കൊള്ളുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന മുന്നേറ്റമായാണ് ധർമ്മ സന്ദേശയാത്ര സംഘടിപ്പിക്കപ്പെടുന്നത്. മുൻകാലങ്ങളിലും ഈ സമൂഹം മൂല്യശോഷണത്തെ നേരിട്ട സമയങ്ങളിലെല്ലാം സന്ന്യാസിവര്യന്മാരുടെ നേതൃത്വത്തിൽ തന്നെയാണല്ലോ ഇവിടെ ധർമ്മപുനഃസ്ഥാപനം നിർവഹിക്കപ്പെട്ടിട്ടുള്ളത്. സാന്ന്യാസിമാരാകട്ടെ, ഏതെങ്കിലും ഒരു പ്രത്യേക സങ്കുചിത ലക്ഷ്യത്തിൽ തങ്ങളുടെ കർമ്മമണ്ഡലം ഒതുക്കി നിർത്താതെ, സദാ നിസ്വാർത്ഥസേവനത്തിൽ വ്യാപൃതരാകുന്നവരുമാണ്. അതിനാൽ ഏകതയുടെ സന്ദേശം പ്രചരിപ്പിക്കുന്ന ഒരു യാത്രയെ നയിക്കുവാൻ എന്തുകൊണ്ടും അവർ അനുയോജ്യരായി മാറുന്നു. സന്ന്യാസിശ്രേഷ്ഠന്മാരാൽ വർത്തമാന കേരളീയ ഹൈന്ദവ സമൂഹത്തിന്റെ ദിശ നിർണയിക്കുന്ന

ഒരു മഹാപരിവർത്തനത്തിന് നാന്ദി കുറിക്കപ്പെടുന്ന മഹദുദ്യമമായാണ് ധർമ്മസന്ദേശ യാത്ര വിഭാവനം ചെയ്യുന്നത്.

പതിനാലു ദിവസം നീണ്ടുനിൽക്കുന്ന ഈ യാത്ര കേരളത്തിലെ ഓരോ ജില്ലയിലും ഓരോ ദിവസം ചെലവഴിച്ച് മുന്നേറുന്നതായിരിക്കും. ഈ ദിവസങ്ങളിൽ സന്ന്യാസിമാർ അതാത് ജില്ലകളിലെ പൊതു സമൂഹവുമായും സാമുദായിക ആചാര്യന്മാരുമായും സംവദിച്ച് സമൂഹത്തിന്റെ പരിവർത്തനത്തിനും പ്രശ്നപരിഹാരങ്ങൾക്കും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പകർന്നു നൽകുന്നതായിരിക്കും. അതിന് മുന്നോടിയായി ഈ യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച അവബോധം സാമാന്യ ജനങ്ങളിലേക്ക് പകരുന്നതിനായി ഓരോ പഞ്ചായത്തിലും ചെറു സമ്മേളനങ്ങൾ നടത്തുന്നതിനും പദ്ധതിയുണ്ട്. സത്സംഗങ്ങളിലൂടെ കേരളത്തിലെ ഹൈന്ദവ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള അവസരമാക്കി ഈ കർക്കിടക മാസത്തെ മാറ്റി തീർക്കുവാൻ ധർമ്മ സന്ദേശയാത്ര ലക്ഷ്യമിടുന്നു.
ശ്രീനാരായണ ഗുരുദേവനാൽ സ്ഥാപിക്കപ്പെട്ട മംഗലാപുരത്തെ കുദ്രോളിയിലുള്ള ഗോകർണ നാഥ ക്ഷേത്രത്തിൽ നിന്നും 2025 ഒക്ടോബർ 6 നു വഹിച്ചു കൊണ്ടുവരുന്ന ദീപശിഖ, ഒക്ടോബർ 7 നു കാസർഗോഡ് വെച്ച് നടക്കുന്ന പരിപാടിയിൽ എത്തിച്ചുകൊണ്ട് ധർമ്മ സന്ദേശയാത്രയ്ക്ക് നാന്ദി കുറിക്കുന്നു. പതിനാലു ദിവസം നീണ്ടുനിൽക്കുന്ന പര്യടനത്തിനൊടുവിൽ ഒക്ടോബർ 21ന് തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന മഹാസംഗമത്തോടെ യാത്ര സമാപിക്കുന്നു.

കുടുംബങ്ങളിൽ നിലനിൽക്കുന്ന ആചാര നിഷ്ഠയാണ് ഹൈന്ദവ ധർമ്മത്തിന്റെ അടിസ്ഥാന ശില. ഈ കുടുംബങ്ങളിലേക്ക് നേരിട്ട് ധർമ്മ പ്രചരണത്തിന്റെ സന്ദേശം എത്തിക്കുവാൻ ഈ യാത്ര ലക്ഷ്യമിടുന്നു.

ഏതെങ്കിലും സംഘടനയാൽ വിളംബരം ചെയ്യപ്പെടാതെ, കുടുംബങ്ങളിൽ നിന്നും കുടുംബങ്ങളിലേക്ക് യാത്ര സംബന്ധിച്ച സന്ദേശങ്ങൾ കൈമാറപ്പെടുകയെന്ന രീതിയിലാണ്, ഈ സർവ്വ പരിപാടികളുടെയും പ്രചരണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നത്. അതിനായി സമാജത്തിലെ സർവ്വരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ഈ പ്രചരണപ്രവർത്തനങ്ങളെല്ലാം തന്നെ ഹൈന്ദവ സമൂഹത്തിനകത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവയ്ക്കു വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി മാത്രമാണ് ഉപയോഗിക്കേണ്ടത്. അതിനപ്പുറം അന്യമതങ്ങളോടുള്ള ഏതൊരു വിദ്വേഷപ്രചരണവും യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായിരിക്കുമെന്നും അറിയിക്കട്ടെ.

ധർമ്മചക്രത്തിനും കേരനിരകൾക്കും ധ്യാനനിരതമായ കൈകൾക്കും മധ്യേ ഓംകാരം ചേരുന്നതാണ് ഈ യാത്രയുടെ മുദ്ര. ഈ ചിഹ്നം ധർമ്മത്തിന്റെ പ്രസക്തിയെയും, കേരള തനിമയെയും, ഒപ്പം വ്യക്തിപരമായ തപഃശക്തിയുടെ പ്രാധാന്യത്തെയും സൂചിപ്പിക്കുന്നു. 'യതോ ധർമ്മഃ തതോ ജയഃ' എന്ന മഹാഭാരതത്തിലെ സന്ദേശമായിരിക്കും ധർമ്മസന്ദേശ യാത്രയുടെ ആപ്തവാക്യം. ധർമ്മ പ്രചരണത്തിലൂടെ സർവ്വഗ്ലാനികൾക്കും പരിഹാരം കാണുവാൻ ലക്ഷ്യമിട്ടുകൊണ്ട് സന്ന്യാസി ശ്രേഷ്ഠന്മാരാലും ആചാര്യന്മാരാലും നയിക്കപ്പെടുന്ന ഈ യാത്രയുടെ സംഘാടനത്തിൽ, ഹൈന്ദവ ധർമ്മത്തെ സ്നേഹിക്കുന്ന ഏവരുടെയും സഹകരണം കാംക്ഷിക്കുന്നു. യാത്രയുടെ ദിവസങ്ങളിൽ ആദ്യം നടക്കുന്ന സാമുദായികാചാര്യന്മാരുമായുള്ള സംവാദത്തിലും, പിന്നീട് ആസൂത്രണം ചെയ്യപ്പെടുന്ന പൊതുസഭയിലും സമൂഹം നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടും. സമയപരിമിതികളില്ലെങ്കിൽ വ്യക്തിപരമായ സംശയനിവാരണത്തിനും ഈ സമ്മേളന പരിപാടികളിൽ വേദിയൊരുക്കുന്നതായിരിക്കും.